# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3444 — 19/10/2016 -ൽ മറുപടിക്ക്

## കുലശേഖരപുരം, തഴവ, തൊടിയൂർ പഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ.രാമചന്ദ്രൻ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം, തഴവ, തൊടിയൂർ എന്നീ പഞ്ചായത്തുകൾക്ക് നിലവിൽ കുടിവെള്ള പദ്ധതികളില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പഞ്ചായത്തുകളിൽ ട്രീറ്റ്മെന്റ് ചെയ്യാതെ വിതരണം ചെയ്യുന്ന കുടിവെള്ളം കടുത്ത ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ കുടിവെള്ളം ട്രീറ്റ്മെന്റ് നടത്തി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം, തഴവ, തൊടിയൂർ എന്നീ പഞ്ചായത്തുകളിൽ കുഴൽ കിണറുകളിൽ നിന്നുള്ള ജലം ക്ലോറിനേഷൻ നടത്തിയ ശേഷമാണ് വിതരണം നടത്തുന്നത്. ഈ കുടിവെള്ളത്തിൽ നിന്നും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ പഞ്ചായത്തുകൾക്കായി ശുദ്ധീകരണ ശാലയോടുകൂടിയ ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | കൊല്ലം ജില്ലയിൽ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ

JSK/